<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79**</u> <u>**18-09-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കടുവയുടെ ആക്രമണം തടയാൻ നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ആര്യാടൻ ഷൗക്കത്ത്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പല സ്ഥലങ്ങളിലും കടുവ നാട്ടിലറിങ്ങി മനുഷ്യ ജീവനുകൾ ഉൾപ്പെടെ അപഹരിക്കുന്ന അതീവ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വന മേഖലയോട് ചേർന്ന് കിടക്കുന്ന ചില പ്രദേശങ്ങളിൽ കടുവയുടെ ആക്രമണത്തിൽ മനുഷ്യജീവൻ നഷ്ടപ്പെട്ട ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഗൗരവത്തോടെ കാണുന്നതുമാണ്. |
| (ബി) | മലപ്പുറം കാളികാവ് അടയ്ക്കാക്കുണ്ടിൽ റബ്ബർ ടാപ്പിംഗ് തൊഴിലാളിയെ കടുവ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലക്കാട് ഈസ്റ്റേൺ സർക്കിളിന് കീഴിലെ നിലമ്പൂർ സൗത്ത് ഡിവിഷനിൽ-പ്പെട്ട കാളികാവ് റെയിഞ്ചിലെ കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 15/05/2025 നു രാവിലെ റബ്ബർ ടാപ്പിംഗ് തൊഴിലാളിയായ 42 വയസ്സുള്ള ഗഫൂർ എന്നയാൾ കടുവയുടെ ആക്രമണ-ത്തിൽ മരണപ്പെട്ടിട്ടുണ്ട്. തുടർന്ന് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് 9 ലൈവ് ക്യാമറകൾ ഉൾപ്പെടെ 61 ക്യാമറകളും നാല് കൂടുകളും വിവിധയിടങ്ങളിൽ വിന്യസിക്കുകയും മൂന്ന് യൂണിറ്റ് ആർ.ആർ.ടി.കളും നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഡിവിഷനുക-ളിലെ ജീവനക്കാരെ ഉൾപ്പെടുത്തി പ്രത്യേക ദൗത്യ സംഘത്തെ രൂപീകരിച്ച് കടുവയെ പിടികൂടുന്നതിനുള്ള ശ്രമങ്ങൾ നടത്തി. തുടർന്ന് 06/07/2025 -ന് സുൽത്താന എസ്റ്റേറ്റിൽ സ്ഥാപിച്ച കൂടിൽ കടുവ കുടുങ്ങുകയുണ്ടായി. ഏതാണ്ട് 13 വയസ്സ് പ്രായമു-ള്ളതും മുഖത്ത് പരിക്കേറ്റതുമായ പെൺ കടുവയാണ് കൂട്ടിൽ കുടുങ്ങിയത്. വിശദമായ പരിശോധനയിൽ ടി കടുവ തന്നെയാണ് ടാപ്പിംഗ് തൊഴിലാളിയായ ഗഫൂറിന്റെ മരണത്തിനിടയാക്കിയത് എന്ന് തിരിച്ചറി-ഞ്ഞിട്ടുണ്ട്. കടുവയെ പിന്നീട് തൃശ്ശൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റിയിട്ടുള്ളതാണ്. |
| (സി) | സംസ്ഥാനത്ത് കടുവയുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് | (സി) | വനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും വേണ്ടത്ര പരിപാലനം ഇല്ലാതെ അടിക്കാടുകൾ നിറഞ്ഞ് |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | വനസമാനമായ സാഹചര്യങ്ങളുള്ളതുമായ പ്രദേശങ്ങളിലാണ് വനത്തിന് പുറത്ത് കടുവയുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. 07/03/2024-ലെ സർക്കാർ ഉത്തരവ് നമ്പർ 12/2024/വനം പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ തല നിയന്ത്രണ സമിതിയുടെ ശ്രദ്ധയിൽപെടുത്തി അത്തരം പ്രദേശങ്ങളിലെ അടിക്കാടുകൾ തെളിക്കു-ന്നതിന് വേണ്ടി ഉടമകൾക്ക് റവന്യൂ വകുപ്പ് മുഖേന നിർദേശം നൽകിയിട്ടുള്ളതാണ് . വനാതിർത്തിയോട് ചേർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സുരക്ഷയ്ക്കായി വന്യജീവികൾ ജനവാസമേഖലകളി-ലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വനാതിർത്തി-കളിൽ സോളാർ ഫെൻസിംഗ്, ഹാംഗിങ്ങ് സോളാർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, റെയിൽ ഫെൻസിംഗ് തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ RRT, പ്രൈമറി റെസ്പോൺസ് ടീമുകൾ (PRT) എന്നിവയും പ്രവർത്തിക്കുന്നുണ്ട്.<br>വനാതിർത്തിയോട് ചേർന്നുള്ള മാലിന്യ നിക്ഷേപം വന്യമൃഗങ്ങളെ നാട്ടിലേക്ക് ആകർഷിക്കുന്നവ ആയതിനാൽ ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ നടപടി എടുക്കുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തു-കൾക്ക് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്ന-തിനുള്ള പ്രാദേശിക സമിതികൾ വഴി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.<br>കൂടാതെ ഉന്നതികളിൽ രാത്രികാലങ്ങളിൽ വനപാതകളിലൂടെ യാത്ര ഒഴിവാക്കുന്നതിന് പ്രേരണയും ബോധവത്കരണവും നടത്തുന്നുണ്ട്. വനപാതകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വന്യജീവികളുടെ സാന്നിദ്ധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിന് വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഉപയോഗ ശൂന്യമായി കാടുകയറി കിടക്കുന്ന കൃഷി സ്ഥലങ്ങൾ അടിക്കാടുകൾ വെട്ടി തെളിച്ചിടുന്നതിന് നിർദ്ദേശം നൽകുന്നുണ്ട്. കാനന പാതകളുടെ ഇരുവശവും മൃഗങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി വിസ്ത ക്ലിയറൻസ് നടത്തുന്നുണ്ട്. കടുവയുടെ സാന്നിധ്യമുള്ള സ്ഥലങ്ങളിൽ ആടിനെ മേക്കുന്ന-തിനും ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും മറ്റുമായി കാട്ടിലേക്ക് പോകുന്നവർക്ക്, വന്യജീവിക-ളിൽ നിന്നുള്ള അപകടങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ